**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1955** **06-07-2022 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സിവിൽസർവ്വീസിൽ ഏതെല്ലാം തസ്തികകളിലാണ് ആശ്രിത നിയമനം നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന സിവിൽ സർവ്വീസിൽ ഉൾപ്പെട്ട തസ്തികകളിൽ ആശ്രിത നിയമനത്തിന് വ്യവസ്ഥയില്ല. എന്നാൽ സർക്കാർ സർവ്വീസിൽ ജോലി ചെയ്തുവരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ഇതനുസരിച്ച് സബോർഡിനേറ്റ് സർവ്വീസിലെ ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിലേയ്ക്കും, ലാസ്റ്റ് ഗ്രേഡ് സർവീസ് തസ്തികകളിലേയ്ക്കും, പാർട്ട് ടൈം കണ്ടിജന്റ് തസ്തികകളിലേയ്ക്കും സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ബി) | ആശ്രിത നിയമനത്തിനായി സർക്കാരിലേക്ക് നിലവിൽ എത്ര അപേക്ഷകളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ജീവനക്കാരൻ മരണപ്പെടുമ്പോൾ ജോലി ചെയ്തിരുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനായി അപേക്ഷിക്കേണ്ടത്. ആയതിനാൽ ഇവ സംബന്ധിച്ച വിവരം ക്രോഡീകരിച്ച് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ